പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1891 01.11.2019 ൽമറുപടിയ്ക്ക്

## മോട്ടോർവാഹന നിയമത്തിലെ കേന്ദ്ര സർക്കാർ ഭേദഗതി

| ചോദ്യം<br>ശ്രീ. അനിൽ അക്കര | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന നിയമത്തിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഭേദഗതി മൂലം ഗതാഗത നിയമ ലംഘനങ്ങൾക്കുള്ള പിഴ വളരെയധികം വർദ്ധിച്ച സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കേന്ദ്ര വിജ്ഞാപനം വന്നയുടനെ സംസ്ഥാനത്ത് അത് പ്രകാരമുള്ള പിഴ ഈടാക്കുവാൻ ഉദ്യോഗസ്ഥരെ ചുമതല പ്പെടുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടു വിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പുതിയ വിജ്ഞാപനം നടപ്പിലാക്കിയ ശേഷം പിഴയിനത്തിൽ ഇതുവരെ ഈടാക്കിയ തുക എത്രയാണ്; | (സി) | 6,66,27,223 രൂപ |
| (ഡി) | കേന്ദ്ര നിരക്കിനേക്കാൾ പിഴ കുറച്ച് വിജ്ഞാപനം ഇറക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ; | (ഡി) & (ഇ) | മോട്ടോർ വാഹന നിയമത്തിലെ 200-ാം വകുപ്പ പ്രകാരം, കോമ്പൗണ്ടിംഗ് ഫീ കുറയ്ക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. |
| (ഇ) | ഇല്ലെങ്കിൽ, പിഴ ഈടാക്കി കുറ്റകൃത്യം കോമ്പൗണ്ടിംഗ് ചെയ്യുവാനുള്ള അധികാരം മാത്രമാണ് സംസ്ഥാനത്തിന് ഉള്ളതെന്ന തിനാൽ, മേൽപ്പറഞ്ഞ കാര്യം നിയമ പരമായി നിലനിൽക്കുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (എഫ്) | പിഴ ചുമത്തുന്ന കാര്യത്തിൽ നിലവിൽ എന്തെങ്കിലും അനിശ്ചിതത്വം നിലനിൽക്കു ന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാ ക്കുമോ? | (എഫ്) | ഇല്ല |

സെക്ഷൻ ഓഫീസർ